2025 - 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

വിഷ്ണുമംഗലം എൽ പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിലെ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയാണ് ഓരോ വിദ്യാലയവും ലക്ഷ്യമിടു ന്നത്. അക്കാദമിക് തലത്തിലും സാമൂഹിക തലത്തിലും പ്രായോഗിക തലത്തിലും കുട്ടികൾ മികവ് നേടേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

**ലക്ഷ്യങ്ങൾ**

. ഓരോ വിദ്യാർത്ഥിക്കും പഠനാന്തരീക്ഷവും പഠന പ്രക്രിയയും ആസ്വാദ്യകരമാക്കുക

· കലാ കായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

· പഠന പിന്തുണാ സംവിധാനങ്ങൾ ലാബ്, ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം കുട്ടികൾക്ക് ലഭ്യമാക്കൽ

· സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് രൂപീകരിക്കൽ/പൂർത്തീകരിക്കൽ.

· ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കൽ

. കളിയുപകരണങ്ങൾ, ജൈവ വൈവിധ്യ ഉദ്യാനം, മൈതാനം ഉറപ്പാക്കൽ.

· അധ്യാപകർ ശരിയായ രീതിയിൽ പഠന പ്രവർത്തന ങ്ങളുടെ ആസൂത്രണം നിർവ്വഹിക്കൽ, ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ

· അധ്യാപകരും വിദ്യാർത്ഥികളും സമൂഹവും പരസ്പര മുള്ള ഊഷ്മളമായ ബന്ധങ്ങൾ നിലനിർത്തുക.

· ഓരോ വിദ്യാർത്ഥിയേയും ഓരോ യൂണിറ്റായി കണ്ട് പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും CWSN കുട്ടികളുടെയും അക്കാദമിക നിലവാരം ഗുണാത്മകമായി ഉറപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യൽ.

# ഉള്ളടക്കം

→ അടിസ്ഥാന വിവരങ്ങൾ

→ ആമുഖം

→ ലക്ഷ്യങ്ങൾ

→ വിദ്യാലയത്തിന്റെ ലഘുചരിത്രം

→ വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്

→ പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

→ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

→ പദ്ധതി വിശദാംശങ്ങൾ

→ മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, സാമ്പത്തികം, ചുമതല.

# വിഷ്ണുമംഗലം എൽ പി സ്കൂൾ

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിൻറെ പേര് :- വിഷ്ണുമംഗലം എൽ പി സ്കൂൾ

വിലാസം :- വിഷ്ണുമംഗലം, കല്ലാച്ചി, 673506 (pin)

സ്കൂൾ കോഡ് :- 16660

വിദ്യാഭ്യാസ ഉപജില്ല :- നാദാപുരം

വിദ്യാഭ്യാസ ജില്ല :- വടകര

ബി. ആർ.സി :- തൂണേരി

ഗ്രാമപഞ്ചായത്ത് :- നാദാപുരം

# ആമുഖം

വിഷ്ണുമംഗലം പ്രദേശത്തെ ആദ്യത്തെ സ്കൂളാണ് വിഷ്ണുമംഗലം എൽ പി സ്കൂൾ. ഇവിടെ LKG മുതൽ 5-ാം ക്ലാസ് വരെയാണ് ഉള്ളത്. പ്രഥമാധ്യാപിക ഉൾപ്പെടെ അഞ്ച് അധ്യാപകരാണ് ഇവിടെ ഉള്ളത്. വിദ്യാർത്ഥികൾക്ക് അക്കാദമിക് ക്ലാസ്സുകൾക്ക് അനുബന്ധമായി കലാവിദ്യാഭ്യാസം, പ്രൈമറി ക്ലാസുകളിൽ ഇംഗ്ലീഷ് പഠനം എന്നിവ നടത്തി വരുന്നു. നാദാപുരം സബ്ജില്ല ഗണിത - ശാസ്ത്ര പ്രവൃത്തി പരിചയ മേളയിൽ LP, UP വിഭാഗങ്ങളിലായി കുട്ടികളെ പങ്കെടുപ്പിക്കുകയും സമ്മാനാർഹരാക്കുകയും ചെയ്ത വിദ്യാലയമാണിത്. അതു പോലെ സ്പോർട്സ്, LSS, കലാമേള എന്നിവയിലും മികച്ച പ്രകടനം കാഴ്ചവെക്കാറുണ്ട്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യ മായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2 അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘ കാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എൽ. കെ. ജി മുതൽ അഞ്ചാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

4. അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവു മാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർ ത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയത്തിന്‌റെ ചരിത്രം

വിഷ്ണുമംഗലം പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രദേശവാസികളുടെ സഹകരണത്തോടെ ശ്രീദേവി അമ്മ തമ്പുരാട്ടിയിൽ നിന്നും 16 സെന്റ് ഭൂമി കുളങ്ങര വീട്ടിൽ പറമ്പിൽ വാങ്ങിക്കുകയും തുടർന്ന് ഒരു ഷെഡ് നിർമ്മിച്ച് ക്ലാസ് ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ  21 ആൺകുട്ടികളും 6 പെൺകുട്ടികളും ആണ് ഉണ്ടായിരുന്നത്.  പിന്നീട് പല പല മാനേജർമാരുടെ കീഴിലായിരുന്നു ഈ സ്കൂൾ. 2014 ൽ അന്നത്തെ സ്കൂൾ മാനേജ്മെന്‌റ് വിനോദൻ മാസ്റ്റർക്ക്  (പുതിയ മാനേജ്മെന്റ്) കൈമാറിയെങ്കിലും സാങ്കേതികമായ ചില തടസ്സങ്ങൾ കാരണം മാനേജ്മെൻറ് കൈമാറ്റം 2024 ൽ ആണ് നിയമപരമായി അംഗീകരിച്ച് സർക്കാർ ഉത്തരവായത്. തുടർന്ന് സ്കൂളിന്റെ നിലവിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അത്യാധുനിക സൗകര്യങ്ങളാൽ ആധുനികവൽക്കരിക്കപ്പെട്ട ക്ലാസ് മുറികളും, ഡിജിറ്റൽ ലാബും, ടോയ്‌ലറ്റ് സൗകര്യങ്ങളുമായി പുതിയ കെട്ടിടം 2024 ഒക്ടോബർ 30 ാം തിയ്യതി ബഹു: പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നാടിന് സമർപ്പിച്ചു.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപ രൃത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരി ക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

5.പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കൽപങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

· എസ്. ആർ. ജി യോഗം, സ്റ്റാഫ് യോഗം, പി ടി എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

• അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, കാലയളവ്, പ്രവർ ത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.

· കരട് രൂപരേഖ SRG, PTA, MPTA, സ്റ്റാഫ് കൗൺസിൽ എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.

· ശിൽപശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

· സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം.
4. ശാസ്ത്ര പോഷണ പരിപാടി.
5. വായനാ പരിപോഷണം
6. നാടക കളരി
7. സാഹിത്യ പോഷണ പരിപാടികൾ.
8. ജൈവ വൈവിധ്യ പാർക്ക്.
9. പഠനയാത്രകൾ
10. കലാകായിക മേള
11. ഐടി പരിശീലനം
12. അദ്ധ്യാപക ശാക്തീകരണ പരിപാടികൾ.
13. ക്ലാസ് പിടിഎ സജീവമാക്കൽ.
14. പ്രവൃത്തി പരിചയ പഠനം.
15. ഒന്നാം ക്ലാസ് - ഒന്നാംതരം.
16. SRG ശാക്തികരണം.
17. ശാസ്ത്രാഭിരുചി വളർത്തൽ.
18. പച്ചക്കറിത്തോട്ടം.
19. അഭിമുഖങ്ങൾ
20.മെഡിക്കൽ ക്യാമ്പ്
21. ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
22. ഭാഷാ ലാബ്
23. ദിനാചരണം
24. ടേം മൂല്യ നിർണ്ണയം, നിരന്തര വിലയിരുത്തൽ
25. കായിക പഠനം
26. ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**എൽ പി വിഭാഗം – മലയാളം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | അക്ഷര ജ്യോതി (സമഗ്ര ഗുണമേന്മ) | വായിക്കാനും എഴുതാനും അറിയാത്ത കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം, അക്ഷരക്കാർഡുകൾ, അക്ഷരചിത്രം, അക്ഷരപ്പാട്ട്, പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പഠനപ്രവർത്തനങ്ങൾ. | ഒരു വർഷം മുഴുവനും | |
| 2 | വായനാക്കൂട്ടം | ലൈബ്രറി പുസ്തകങ്ങൾ ഇഷ്ടമുള്ളവ തെരഞ്ഞെടുത്ത് ക്ലാസ്സ് വായന, പുസ്തക പരിചയം | വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, ബാലസഭയിൽ അവതരിപ്പിക്കൽ | എല്ലാ വെള്ളിയാഴ്ചയും | |
| 3 | കഥ കാണാം, എഴുതാം | എഴുത്ത് പരിപോഷിപ്പിക്കൽ, ലേഖന ശേഷി വർദ്ധിപ്പിക്കൽ | ICT ഉപയോഗിച്ച് കഥ കാണാൻ അവസരം. കണ്ട കഥ സ്വയം എഴുതാൻ അവസരം. | ആഴ്ചയിൽ ഒരു തവണ | |
| 4 | ഓർക്കാം - അഭിമാനിക്കാം | സാഹിത്യകാരന്മാരെ അടുത്തറിയൽ , ഓർമ്മ ദിനങ്ങൾ ആചരിക്കൽ | സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ക്വിസ്, പുസ്തക പരിചയം, പതിപ്പ് നിർമാണം | മാസത്തിൽ നാലു തവണ | |

## ഇംഗ്ലീഷ്

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | News reading, book reading, speech, thought, pledge | Twice in a month | |
| 2 | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | വർഷം മുഴുവനും | |
| 3 | ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | കുട്ടികളുടെ നിലവാരതിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വയനാമൂല ഒരുക്കൽ, വായനാ വേള ഒരുക്കൽ, കുറിപ്പ് | മാസത്തിൽ ഒരു തവണ | |
| 4 | ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit ,conversation, story telling, etc..) | മാസത്തിൽ രണ്ട് തവണ | |

## ഗണിതം

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ഗണിതമാല | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവുതൂക്കങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള കൂടുതൽ അവസരമൊരുക്കൽ | മൂർത്തവസ്തുക്കൽ, ചിത്രങ്ങൾ ഉപയോഗിച്ച് അളവുതൂക്കം പരിചയപ്പെടൽ, നീളം അളക്കൽ, വെള്ളമളക്കൽ , കളിചന്ത തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഒരുക്കുന്നു | 6 മാസം | |
| 2 | ഗണിത പഠനോപകരണ ശിൽപശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | പാഠഭാഗവുമായി ബന്ധപ്പെട്ട് ടാൻഗ്രാം രൂപങ്ങൾ, ചതുരക്കട്ട, ഈർക്കിൾ മത്സ്യങ്ങൾ, സംഖ്യ പോക്കറ്റ്, അബാക്കസ് etc | വർഷത്തിലൊരിക്കൽ | |

## പരിസരപഠനം

| ക്രമനമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | പരീക്ഷണക്കളരി - എന്റെ ഭൂമി | പരിസരപഠനാശയങ്ങൾ ഉറപ്പിക്കുന്നതിനും ആഴ്ചയിൽ ഒരു പരീക്ഷണം തയ്യാറാക്കി അവതരിപ്പിക്കൽ, പരിസര നിരീക്ഷണ അഭിമുഖം, ശുചീകരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം | പരിസ്ഥിതി സംരക്ഷണ ശാസ്ത്ര കഴിവുകൾ നിരീക്ഷണം - പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കുക | വർഷം മുഴുവൻ | |
| 2 | ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ശാസ്ത്ര പഠനം രസകരമാക്കൽ | വർഷം മുഴുവൻ | |
| 3 | ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം ( പതിപ്പ്, ചാർട്ട്, ആൽബം, പരീക്ഷണ പഠനോപകരണം) | വർഷത്തിൽ ഒരിക്കൽ | |

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, പാഠപുസ്തകത്തിനപ്പുറത്തേയ്ക്ക് പഠന പ്രവർത്തനങ്ങളെ വികസിപ്പിക്കുക, അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക, ഭാവി ജീവിതത്തിൽ അവ പ്രയോജന പ്പെടുത്താനുള്ള കഴിവും ശേഷിയും വികസിപ്പിക്കുക, ഇതിന് സഹായകമായ രീതിയിലാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അവസര തുല്യത, ലിംഗസമത്വം, പങ്കാളിത്തം, മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസമാണ് കുട്ടികൾക്ക് നൽകുന്നത്. ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ട് അനുഭവങ്ങളിലൂടെ കുട്ടികൾ അറിവ് നിർമ്മിക്കാൻ ഉതകുന്ന ബോധന തന്ത്രങ്ങളാണ് മുന്നോട്ട് വെക്കുന്നത്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയത്തിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മപദ്ധതികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.